# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 38 06.02.2013 -ലെ മറുപടി

**സ്വകാര്യ പാരലൽ സർവ്വീസ്മൂലം കെ.എസ്.ആർ.ടി.സി. -ക്ക് ഉണ്ടാകുന്ന നഷ്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ :<br>" പി. കെ. ഗുരുദാസൻ :<br>" ബി. സത്യൻ :<br>" ബി. ഡി. ദേവസ്സി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശസാൽക്കൃത റൂട്ടുകളിൽ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ എണ്ണം കുറ ച്ചതുകൊണ്ട് കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കു ന്നതിന് എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചതെന്ന് വ്യക്ത മാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ എണ്ണം കോർപ്പറേഷന് നഷ്ടം ഉണ്ടാകുന്ന തരത്തിൽ കുറച്ചിട്ടില്ല. അവധി ദിവസങ്ങളിലും മറ്റും സ്വാഭാവികമായി ഉണ്ടാകുന്ന കുറവ് മാത്രമാണ് ഇപ്പോഴും വന്നിട്ടുള്ളത്. |
| (ബി) | നിയമം ലംഘിച്ച് സ്വകാര്യ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് അനുമതി നൽകി യതുമൂലം കെ.എസ്.ആർ. ടി.സി. വൻ തിരിച്ചടി നേരിടു ന്നുണ്ടോ ; | (ബി) | അനധികൃത സ്വകാര്യ ബസ്സുകളും പാരലൽ സർവ്വീസുകളുംമൂലം തിരിച്ചടി നേരിടുന്നുണ്ട്. |
| (സി) | അനധികൃത സ്വകാര്യ ബസ്സു കളും പാരലൽ സർവ്വീസു കളുംമൂലം കെ.എസ്.ആർ.ടി. സി.-ക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ ; | (സി) | അനധികൃത സ്വകാര്യ ബസ്സുകളും പാരലൽ സർവ്വീസുകളും മൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്ന തിനായി സംസ്ഥാനത്ത് ഒട്ടാകെ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ് മെന്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടു |

| | | | |
|---|---|---|---|
| | വിശദമാക്കുമോ ? | | ത്തുകയും കെ.എസ്.ആർ.ടി.സി. ഓടുന്ന ദേശസാൽകൃത റൂട്ടുകളിൽ സമാന്തര സർവ്വീസുകൾ തടയുന്നതിലേയ്ക്കായി കൂടുതൽ ശ്രദ്ധ പതിപ്പിച്ചുവരികയും ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിൽ നഗരാതിർത്തിയിൽ ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനായി 5 സ്ക്വാഡുകൾ മോട്ടോർ വാഹന വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി. എന്നിവർ സംയോജിതമായി ചേർന്ന് പ്രവർത്തിച്ചു പോരുന്നു. കൂടാതെതന്നെ പുതിയതായി രൂപീകരിച്ച് പ്രവർത്തിച്ചുപോരുന്ന സ്ക്വാഡുകൾക്കും ഈ മേഖലയിൽ കൂടുതൽ പ്രാമുഖ്യം നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ